### നീര ഉത്പാദനം ഈ മാസം തുടങ്ങും

# പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ഓഹരിലക്ഷ്യം കടന്നു

പാലക്കാട്: പാലക്കാട് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയുടെ നീര ഉത്പാദനശാലകളിൽ ഈ മാസം അവസാനം പ്രവർത്തനം തുടങ്ങും. അഞ്ചുലക്ഷം ലക്ഷ്യമിട്ടിടത്ത് അഞ്ചരലക്ഷം ഓഹരികൾ വിറ്റഴിച്ചതായി ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന കമ്പനിയുടെ അവലോകനയോഗം വിലയിരുത്തി.

23 ഫെഡറേഷനുകളിലെ 380 ഓളം നാളികേര ഉത്പാദന സംഘങ്ങളുടെ പ്രതിനിധികളാണ് അവലോകനയോഗം നടത്തിയത്.

നൂറുരൂപയുടെ അഞ്ചരലക്ഷം ഓഹരി വിറ്റഴിച്ചതിലൂടെ ഓഹരി സമാഹരണം അഞ്ചുകോടിയിൽനിന്ന് 10 കോടിയായി വർധിക്കുമെന്നാണ് വിലയിരുത്തൽ. പ്രതിദിനം 36,000 ലിറ്റർ നീര ഉത്പാദിപ്പിക്കുന്ന പദ്ധതിയാണ് തുടങ്ങുക. ഇതിലൂടെ 3,000 പ്രത്യക്ഷ തൊഴിലവസരങ്ങളുണ്ടാകുമെന്നാണ് വിലയിരുത്തൽ. കമ്പനിക്കായി നാളികേരവികസന ബോർഡ് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

അവലോകനയോഗത്തിൽ മുതലമട സി.പി.എസ്. ഫെഡറേഷൻ പ്രസിഡന്റ് സുദേവൻ അധ്യക്ഷനായി. കമ്പനി ചെയർമാൻ [illegible] പദ്ധതി വിശദീകരിച്ചു. നാളികേര വികസന ബോർഡ് മാർക്കറ്റിങ് ഓഫീസർ ദീപ്തിനായർ, രാമദാസ്, ശശിധരൻ എന്നിവർ സംസാരിച്ചു.